**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2393** **12-12-2022 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററിന്റെ കെട്ടിട നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിലെ മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററിന്റെ (എം.സി.ആർ.സി.) കെട്ടിട നിർമ്മാണ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) | **മട്ടന്നൂർ മണ്ഡലത്തിലെ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററിന്റെ (MCRC) കെട്ടിട നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് (സാ.ധാ) നം. 130/2017/എസ്.ജെ.ഡി തീയതി 10.03.2017 പ്രകാരം 3,30,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ 17.01.2019 ലെ CE/BLDGS/5754/KNR/2018 നമ്പർ കത്ത് പ്രകാരം 2,98,00,000/- രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയാണ് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററിന്റെ കെട്ടിട നിർമ്മാണം നടത്തുന്നത്. കെട്ടിട നിർമ്മാണത്തിന്റെ ഇലക്ട്രിഫിക്കേഷൻ ഒഴികെയുള്ള പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കു വേണ്ടി 15 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി പൊതുമരാമത്ത് ഇലക്ട്രിക്കൽ ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 04.11.2022 ലെ EL/DB/GEN 16/2022 നമ്പർ കത്ത് പ്രകാരം ലഭ്യമായിട്ടുണ്ട്. നാളിതുവരെ നിർമ്മാണ പ്രവൃത്തികൾക്കായി മൂന്ന് പാർട്ട് ബില്ലുകളായി 2,73,50,346/- രൂപ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും അധികരിച്ച് ചില പ്രവൃത്തികൾ കെട്ടിട നിർമ്മാണ സമയത്ത് ആവശ്യമായി വന്നതിനെ തുടർന്ന് നിർമ്മാണ ഏജൻസിയായ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി 3,21,12,172/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ആയത് അംഗീകാരത്തിനും അതിനനുസരിച്ചുള്ള പുതുക്കിയ സാങ്കേതിക അനുമതിക്കുമായി പൊതുമരാമത്ത്** |

| | | | |
|---|---|---|---|
| | | | **വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിരിക്കുകയുമാണ്.** |
| (ബി) | മട്ടന്നൂർ എം.സി.ആർ.സി. പ്രവർത്തനം സജ്ജമാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളും ചുറ്റുമതിൽ നിർമ്മാണം ഉൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | **കെട്ടിട നിർമ്മാണത്തിന് മാത്രമായിട്ടാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. ആയതിനാൽ ഉപകരണങ്ങളും ചുറ്റുമതിൽ നിർമ്മാണം ഉൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങളും നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല.** |

സെക്ഷൻ ഓഫീസർ